Reg. No.: ..............................

Name : ..................................

**I Semester B.A. Degree (C.B.C.S.S.-O.B.E. – Regular/Supplementary/ Improvement) Examination, November 2023**
**(2019 Admission Onwards)**
**COMPLEMENTARY ELECTIVE COURSE IN MALAYALAM**
**1C01MAL : പരിസ്ഥിതി – ദളിത് – ലിംഗ പദവി പഠനങ്ങൾ**

Time : 3 Hours Max. Marks : 40

I. **300** വാക്കിൽ കവിയാതെ **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(2×7=14)**

1) കീഴാള ജീവിതത്തിന്റെ സൂക്ഷ്മാവിഷ്കാരമാണ് ടി. കെ. സി. വടുതലയുടെ കഥകൾ – 'അങ്കാ എറങ്ങിക്കെടേന്റ കണ്ടങ്ങാരാ' എന്ന കഥയെ മുൻനിർത്തി വിശകലനം ചെയ്യുക.

2) ഭിന്ന സംഖ്യ, ബഹുമാനപ്പെട്ട അമ്മ എന്നീ കഥകൾ മുന്നോട്ടുവെക്കുന്ന സ്ത്രീ പക്ഷരാഷ്ട്രീയം ചർച്ച ചെയ്യുക.

3) ക്വീർ സിദ്ധാന്തങ്ങളുടെ വെളിച്ചത്തിൽ ദുഷ്യന്തനും ഭീമനുമില്ലാത്ത ലോകം, സ്വവർഗ്ഗ സങ്കടങ്ങൾ എന്നീ കഥകളെ വിലയിരുത്തുക.

4) 'ഗൃഹാതുരത്വത്തിന്റെ വിദൂര റിപ്പബ്ലിക്കിൽ നിന്നയക്കുന്ന പോസ്റ്റ് കാർഡല്ല ഹരിത സാഹിത്യം' – പി. കെ. രാജശേഖരന്റെ ഈ അഭിപ്രായത്തെ മലയാള സാഹിത്യത്തെ മുൻനിർത്തി വിമർശന ദൃഷ്ട്യാ പരിശോധിക്കുക.

II. **6** ചോദ്യങ്ങളിൽ **4** ചോദ്യങ്ങൾക്ക് **150** വാക്കിൽ കവിയാതെ ഉത്തരമെഴുതുക. **(4×3=12)**

5) പാരമ്പര്യത്തെ ദലിത് സാഹിത്യം എങ്ങനെയാണ് നോക്കിക്കാണുന്നത് ? വിശദമാക്കുക.

6) പാരിസ്ഥിതികാവബോധം മലയാള കവിതയിൽ പ്രകടമായതെങ്ങനെ ? വിവരിക്കുക.

P.T.O.



7) സ്ത്രീയെന്ന നിലയിലുള്ള തന്റെ ആത്മാഭിമാനവും അന്തസ്സും കാത്തു സൂക്ഷിക്കാൻ പരിശ്രമിക്കുകയും തന്റെ സ്വപ്നങ്ങൾക്കു പിറകെ നിർബന്ധ ബുദ്ധിയോടെ യാത്ര ചെയ്യുകയും ചെയ്ത സുഭദ്ര മലയാള സാഹിത്യ ലോകത്തെ ഒറ്റപ്പെട്ട സ്ത്രീകഥാപാത്രങ്ങളിൽ ഒന്നാണ് – സമർത്ഥിക്കുക.

8) ദലിത് സാഹിത്യം രൂപപ്പെട്ടതിന്റെ ചരിത്രം സംക്ഷേപിക്കുക.

9) സമൂഹത്തിൽ ജീവിത സംഘർഷങ്ങൾ അനുഭവിക്കുന്ന ലൈംഗിക ന്യൂനപക്ഷങ്ങളുടെ പ്രതിനിധിയാണ് സരോജിനി – വിലയിരുത്തുക.

10) "നക്ഷത്രങ്ങൾ കരിക്കട്ടകളാവുന്നതുകൊണ്ട് അവൾ കരയുകയും ചിരിക്കുകയും ചെയ്തു" ഈ പ്രസ്താവന കഥാനായികയുടെ ആത്മസംഘർഷത്തെ തുറന്നു കാണിക്കുന്നതെങ്ങനെ ? വിശദമാക്കുക.

III. **6** ചോദ്യങ്ങളിൽ **4** ചോദ്യങ്ങൾക്ക് **100** വാക്കിൽ കവിയാതെ ഉത്തരമെഴുതുക. **(4×2=8)**

11) ഭിന്നസംഖ്യ എന്ന കഥാശീർഷകത്തിന്റെ ഔചിത്യം പരിശോധിക്കുക.

12) "പിന്നെപ്പുലയനെന്നെന്നെ വിളിച്ചാൽ
ആ പള്ളിയിലെങ്ങും വരുന്നില്ല കേട്ടോ" – പൊയ്കയിൽ അപ്പച്ചൻ ഇങ്ങനെ പാടുന്നതിന്റെ സാംഗത്യം പരിശോധിക്കുക.

13) സർപ്പക്കാട് എന്ന കവിത മുന്നോട്ടു വെക്കുന്ന പരിസ്ഥിതി ദർശനം വിലയിരുത്തുക.

14) 'ആൻ മകാ ചീമേനി' എന്ന കണ്ടങ്ങോരന്റെ പ്രസ്താവനയെ വിമർശന ദൃഷ്ട്യാ വിലയിരുത്തുക.

15) ചരിത്രം തമസ്കരിച്ച ജനതയുടെ ഉണർത്തു പാട്ടാണ് പൊയ്കയിൽ അപ്പച്ചന്റെ പാട്ടുകൾ – ശരിയോ ?

16) ലിബറൽ ഫെമിനിസം, റാഡിക്കൽ ഫെമിനിസം ഇവയെന്തെന്ന് വിശദമാക്കുക.

IV. **6** ചോദ്യങ്ങളിൽ **4** ചോദ്യങ്ങൾക്ക് ചെറുകുറിപ്പുകൾ തയ്യാറാക്കുക. **(4×1.5=6)**

17) വനപർവ്വം

18) ദളിത് സാഹിത്യത്തിന്റെ സവിശേഷതകൾ

19) കുറ്റിപ്പുറം പാലം

20) ലിംഗപദവി

21) റബൽ സാഹിത്യം

22) എ റൂം ഓഫ് വൺസ് ഓൺ.